**NO. CEE/2043/PGDCCD/2017/TA3**

കേരള സർക്കാർ
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## <u>പോസ്റ്റ്ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ക്ലിനിക്കൽ ചൈൽഡ് ഡെവലപ്പ്മെന്റ് (PGDCCD-2017) കോഴ്സിലേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.</u>

1. കേരളത്തിലെ സർവ്വകലാശാലകളിൽ നിന്നോ, കേരളത്തിലെ സർവ്വകലാശാലകളുടെ അംഗീകാരമുള്ള ഇതര സർവ്വകലാശാലകളിൽ നിന്നോ, ബി.എസ്..സി സയൻസ് വിഷയങ്ങളിൽ ബിരുദമുള്ളവർക്കും, ബി.എ/ബി.എസ്.സി സൈക്കോളജി/ ബി.എസ്.സി ഹോം സയൻസ് വിഷയങ്ങളിൽ ബിരുദമുള്ളവരുമായ പെൺകുട്ടികൾക്ക് PGDCCD-2017 കോഴ്സിലേയ്ക്ക് അപേക്ഷിയ്ക്കാവുന്നതാണ്.

2. <u>പ്രവേശനത്തിന് വേണ്ട യോഗ്യതകൾ</u>

a) വിദ്യാഭ്യാസ യോഗ്യതകൾ:-

കേരളത്തിലെ സർവ്വകലാശാലകളിൽ നിന്നോ, കേരളത്തിലെ സർവ്വകലാശാലകളുടെ അംഗീകാരമുള്ള ഇതര സർവ്വകലാശാലകളിൽ നിന്നോ 50% മാർക്കോടെ സയൻസ്, ഹോം സയൻസ് വിഷയങ്ങളിൽ ബിരുദമുള്ളവർക്കും, ബി.എ/ബി.എസ്.സി സൈക്കോളജി ബിരുദക്കാരുമായ പെൺകുട്ടികൾക്ക് ഈ കോഴ്സിന് അപേക്ഷിയ്ക്കാവുന്നതാണ്.

- പട്ടികജാതി/പട്ടികവർഗവിഭാഗക്കാർ യോഗ്യതാ പരീക്ഷ പാസ്സായാൽ മതിയാകും.
- സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗക്കാർക്ക് (SEBC) അവരുടെ വാർഷിക വരുമാനം 6 ലക്ഷത്തിൽ താഴെയാണെങ്കിൽ യോഗ്യതാപരീക്ഷയായ ബിരുദത്തിന് 5% മാർക്കിളവ് അനുവദിക്കുന്നതാണ്.
- എസ്.സി/എസ്.റ്റി വിഭാഗക്കാർ ഇല്ലാത്തപക്ഷം അവർക്കായി മാറ്റി വയ്ക്കുന്ന സീറ്റിൽ (OEC) വിഭാഗക്കാരെ പരിഗണിക്കുമ്പോൾ SEBC വിഭാഗക്കാർക്ക് നൽകിയ മാർക്കിളവ് ലഭിക്കുന്നതാണ്.

b) <u>നേറ്റിവിറ്റി:-</u>

അപേക്ഷക കേരളീയയായ ഇന്ത്യൻ പൗരത്വമുള്ളവരായിരിക്കണം.

c) <u>വയസ്സ്:-</u>

31/12/2017-ന് 19നും 28നും ഇടയിൽ പ്രായം വരുന്നവർക്ക് അപേക്ഷിക്കാം. പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ 6 വർഷം വരെ ഇളവ് അനുവദിക്കുന്നതാണ്.

**3. <u>കോഴ്സ്, സീറ്റ് സംബന്ധിച്ച വിവരം:-</u>**

PGDCCD കോഴ്സിന് 2 വർഷ കലാവധിയാണ് ഉള്ളത്. ആകെ 12 സീറ്റുകൾ ഉണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് കാമ്പസിൽ സ്ഥിതി ചെയ്യുന്ന ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററാണ് കോഴ്സ് നടത്തുന്നത്.

**4. <u>പ്രവേശന രീതി:-</u>**

കേരളത്തിലെ സർവ്വകലാശാലകളിലോ, ഇതര സർവ്വകലാശാലകളിലോ സയൻസ് ബിരുദവിഷയങ്ങൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. അപേക്ഷകരുടെ യോഗ്യതയ്ക്കനുസരിച്ച് പ്രവേശന പരീക്ഷാകമ്മീഷണർ തയ്യാറാക്കുന്ന മെരിറ്റ് ലിസ്റ്റിന്റെയും വിവിധ സംവരണ വിഭാഗക്കാർക്കുള്ള കാറ്റഗറി ലിസ്റ്റിന്റേയും അടിസ്ഥാനത്തി ലായിരിക്കും പ്രവേശനം നൽകുന്നത്.

**5. ഓൺലൈൻ അപേക്ഷ സമർപ്പണവും, അപേക്ഷ ഫീസും:-**

പ്രോസ്പെക്ടസും, ഓൺലൈൻ അപേക്ഷാഫോറവും 24.09.2017 മുതൽ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകർ നിശ്ചിത ഫീസ് ഓൺലൈൻ പേയ്മെന്റായോ, ഇ-ചെലാൻ മുഖേനയോ അടയ്ക്കേണ്ടതാണ്. ഇ-ചെലാൻ വഴി ഫീസ് ഒടുക്കുന്നവർ ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന ഇ-ചെലാൻ ഉപയോഗിച്ച് പണമായി എസ്.ബി.ഐയുടെ തിരഞ്ഞെടുക്കപ്പെട്ട ശാഖകളിലോ,കേരളത്തിലെ ഏതെങ്കിലും പോസ്റ്റോഫീസിന്റെ ഹെഡ്/ശാഖകളിലോ അടയ്ക്കേണ്ടതാണ്. ഫീസ് ഒടുക്കിയ ശേഷം അപേക്ഷകന്റെ ഫോട്ടോ, ഒപ്പ്, സർട്ടിഫിക്കറ്റിന്റെ കോപ്പി എന്നിവ അപ്ലോഡ് ചെയ്യേണ്ടതാണ്. **അപേക്ഷയുടെ പ്രിന്റൗട്ട് സർട്ടിഫിക്കറ്റ്/മറ്റ് അനുബന്ധരേഖകളുടെ കോപ്പി എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല.**

ജനറൽ വിഭാഗക്കാർ 600 രൂപയും, എസ്.സി/എസ്.റ്റി വിഭാഗക്കാർ 300 രൂപയും ഒടുക്കേണ്ടതാണ്. ഒരിക്കൽ ഒടുക്കിയ ഫീസ് റീഫണ്ട് ചെയ്യുന്നതല്ല. പ്രോസ്പെക്ടസ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്.

**6.ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും:-**

PGDCCD-2017 കോഴ്സിലേയ്ക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ ഓൺലൈനായി സമർപ്പിച്ച അപേക്ഷയോടൊപ്പം പ്രോസ്പെക്ടസ് ക്ലോസ് 6.2-ൽ പറഞ്ഞിട്ടുള്ള സർട്ടിഫിക്കറ്റ്/അനുബന്ധ രേഖകൾ എന്നിവ 03.10.2017 വൈകുന്നേരം 5 മണിയ്ക്ക് മുൻപായി അപ്ലോഡ് ചെയ്യേണ്ടതാണ്.

7. ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനുശേഷം സർട്ടിഫിക്കറ്റ്/അനുബന്ധ രേഖകൾ പുതുതായി ഉൾപ്പെടുത്താൻ അനുവദിക്കുന്നതല്ല.

8. അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് അപേക്ഷാർത്ഥികൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമായ പ്രോസ്പെക്ടസിലെ വിശദാംശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

**Help Line Numbers: 0471 2339101, 2339102, 2339103, 2339104**

MS Jaya

തിരുവനന്തപുരം **പ്രവേശന പരീക്ഷാ കമ്മീഷണർ**

23.09.2017